# അക്കാദമിക  മാസ്റ്റർ പ്ലാൻ
# മികവിന്റെ പടവുകൾ
# KMAUPS കാർത്തല 2025 -2026

# ആമുഖം

മലപ്പുറം ജില്ലയിലെ വളാഞ്ചേരി മുനിസിപ്പാലിറ്റിയിൽ ആണ് ഞങ്ങളുടെ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. വളാഞ്ചേരി ടൗണിൽ നിന്നും നാലു കിലോമീറ്റർ ഏകദേശം അകലെയാണ്. ഞങ്ങളുടെ സ്കൂൾ പ്രദേശം തികച്ചും ഗ്രാമപ്രദേശമാണ്. രക്ഷിതാക്കൾ ഭൂരിഭാഗം പേരും കർഷകരാണ്. പ്രവാസികൾ ഉദ്യോഗസ്ഥർ എന്നിവരും കുട്ടികളുടെ വിദ്യാഭ്യാസം ഇവിടെ നടത്തുന്നു. രക്ഷിതാക്കളുടെ സജീവമായ ഇടപെടൽ വിദ്യാലയ പ്രവർത്തനങ്ങൾക്ക് എന്നും മുതൽക്കൂട്ടാണ്.

1979 ലാണ് സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. ആ കാലഘട്ടങ്ങളിൽ ഈ പ്രദേശത്തുള്ള കുട്ടികൾ അപ്പർപ്രൈമറി മുതലുള്ള വിദ്യാഭ്യാസത്തിന് വളരെയധികം ബുദ്ധിമുട്ട് അനുഭവിച്ചിട്ടുണ്ട്. ഇത് പരിഹരിക്കാൻ വേണ്ടി ഒരു സംഘം ആളുകൾ പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് ഈ സ്കൂൾ ആരംഭിച്ചത്. 1979ൽ മച്ചിഞ്ചേരി സെയ്തലിക്കുട്ടി ഹാജി എന്നിവരുടെ പേരിലാണ് സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. സ്കൂളിൽ നിർമ്മിക്കാൻ സ്ഥലം നൽകിയ മാരാത്ത് അബ്ദുൾ ഹാജിയുടെ ഉടമസ്ഥതയിലേക്ക് പിന്നീട് സ്കൂൾ എത്തിപ്പെട്ടു. കാർത്തല മദ്രസയിൽ ആരംഭിച്ച സ്കൂൾ സ്വന്തം കെട്ടിടം പണിതപ്പോൾ കുഞ്ഞിപ്പ മെമ്മോറിയൽ എയ്ഡഡ് യുപി സ്കൂൾ ആയി മാറുകയാണ് ഉണ്ടായത്. കാർത്തലയിലേക്കും ചുറ്റുവട്ടത്തേക്കുള്ള പ്രദേശങ്ങളിലെയും ഒട്ടനവധി കുട്ടികളുടെ വിദ്യാഭ്യാസ കേന്ദ്രമായി സ്കൂൾ നിലനിൽക്കുന്നു.

വിദ്യാലയത്തിന്റെ നാളിതുവരെയുള്ള ചരിത്രത്തിൽ നിയമിതരായ എല്ലാ അധ്യാപകരും അവരുടെ തൊഴിൽ പ്രശ്നങ്ങളാൽ പുറത്തു പോകേണ്ടി വന്നിട്ടില്ല. കുട്ടികളുടെ എണ്ണം കുറയുക മറ്റു നിയമ പ്രശ്നങ്ങളിൽ പെടുക എന്നിങ്ങനെയുള്ള പ്രശ്നങ്ങൾ ഉണ്ടായിട്ടില്ല. ആദ്യം രണ്ട് ഡിവിഷനിൽ തുടങ്ങി ഇപ്പോൾ കാലങ്ങളായി മൂന്ന് ഡിവിഷനിൽ നിലനിൽക്കുന്നു. കെട്ടുറപ്പുള്ള പിടിഎ സ്റ്റാഫ് പാറ്റേൺ നിലനിൽക്കുന്നു.

വിദ്യാലയത്തിൽ പഠിച്ച ഒട്ടനവധി കുട്ടികൾ ഉന്നത മേഖലയിൽ എത്തപ്പെട്ടിട്ടുണ്ട്. ഡോക്ടർമാർ എൻജിനീയർ അഡ്വക്കേറ്റ്സ് എന്നിങ്ങനെ വ്യത്യസ്ത മേഖലയിൽ കഴിവ് തെളിയിച്ചവരിൽ ഞങ്ങളുടെ പൂർവ

വിദ്യാർത്ഥികൾ ഉണ്ട്. സബ്ജില്ല ജില്ലാതല ക്വിസ് കോമ്പറ്റീഷനുകൾ യു എസ് എസ് ന്യൂ മാക്സ് എന്നിങ്ങനെയുള്ള മത്സര പരീക്ഷകളിലൊക്കെ നമ്മുടെ വിദ്യാലയത്തിന്റെ കൈയ്യൊപ്പ് ഉണ്ട്. കലാമേള ശാസ്ത്രമേള പ്രവർത്തിപരിചയമേള എന്നിവയിൽ ഒക്കെ തന്നെ നമ്മുടെ വിദ്യാലയം മികച്ച നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. കായികമേളയിൽ വളാഞ്ചേരി മുനിസിപ്പാലിറ്റിയിൽ രണ്ടാം സ്ഥാനം നേടാൻ നമുക്ക് കഴിഞ്ഞു. അങ്ങനെ പഠനപാഠിയെ വിഷയങ്ങളിൽ എന്നും മുൻപന്തിയിൽ നിൽക്കുന്ന വിദ്യാലയമാണ് കാർത്തല കെ എം എ യു പി സ്കൂൾ.

ഭൗതിക വികസനം എന്നും ഒരു ബാലികേറാമലയായിരുന്നു ഞങ്ങളുടെ സ്കൂളിന്. എന്നാൽ കഴിഞ്ഞ അഞ്ചുവർഷത്തെ ചരിത്രമെടുത്താൽ വളരെയധികം മാറ്റം വരുത്താൻ കഴിഞ്ഞിട്ടുണ്ട്. ക്ലാസ് മുറികൾക്ക് ഇടവിട്ട് കെട്ടുക ടോയ്ലറ്റ് ഉണ്ടാക്കുക മുറ്റം സൗന്ദര്യവൽക്കരിക്കുക കിണർ റിങ്ങുകൾ ഇറക്കി കുടിവെള്ളം ഉറപ്പാക്കുക മരങ്ങൾ ചുറ്റുകെട്ടി ഭംഗിയാക്കുക എന്നിങ്ങനെ നിരവധി പ്രവർത്തനങ്ങൾ പിടിഎ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്നു കഴിഞ്ഞിരിക്കുന്നു.

2017–18 പൊതുവിദ്യാഭ്യാസ സംരക്ഷണ ഭാഗം ഐടി വികസനത്തിന് ഒരു ക്ലാസ് ഉണ്ടാക്കാൻ കഴിഞ്ഞു എന്നത് സ്കൂളിന്റെ ചരിത്രത്തിൽ എടുത്തു പറയാവുന്ന ഏറ്റവും വലിയ നേട്ടമാണ്. പിടിഎ എംടിയെ എസ്എംസി പൂർവ്വ വിദ്യാർത്ഥികൾ പൂർവാ അധ്യാപകർ നാട്ടുകാർ എന്നിവരുടെ പൂർണ്ണ സഹകരണത്തോടെ ഒരു സ്മാർട്ട് ക്ലാസ് റൂം 8 –1–2018 ന് ഞങ്ങളുടെ പൂർവ്വ വിദ്യാർത്ഥി മുനവറലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്തു. കുട്ടികളുടെ ഐടി പഠനത്തിന് കമ്പ്യൂട്ടറും പ്രൊജക്ടറും നൽകി ഫെഡറൽ ബാങ്കും വിദ്യാലയത്തോടൊപ്പം നിന്നു. വിദ്യാലയത്തിന്റെ സാമൂഹ്യബന്ധം എത്രത്തോളം എന്ന് ഈ പ്രവർത്തനം ഞങ്ങളെ ബോധ്യപ്പെടുത്തുന്നു.

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | KMAUPS കാർത്തല തൊഴുവാനൂർ |
| ഉപജില്ല | : | കുറ്റിപ്പുറം |
| വിദ്യാഭ്യാസ ജില്ല | : | തിരൂർ |
| ജില്ല | : | മലപ്പുറം |
| സ്റ്റാഫ് : | | |
| HM | : | 1 |
| അധ്യാപകർ | : | 12 |
| ഓഫീസ് അസിസ്റ്റന്റ് | : | 1 |
| വിദ്യാർത്ഥികൾ | : | |
| ആകെ ക്ലാസ്സുകൾ | : | 5th std (3) A,B,C |
| | | 6th std (3) A, B, C |
| | | 7th std (3) A, B, C |

## വിദ്യാലയത്തിന്റെ അക്കാദമിക ഭാവിയെ കുറിച്ചുള്ള കാഴ്ചപ്പാട്

- എല്ലാ കുട്ടികളും എല്ലാ വൈഭവങ്ങളും അതിന്റെ പൂർണ്ണതയിലേക്ക് വികസിപ്പിക്കുക.
- കരികുലം ലക്ഷ്യമാക്കുന്ന എല്ലാ പഠനം നേട്ടങ്ങളും അതിന്റെ പൂർണ്ണതയിൽ എല്ലാ കുട്ടികളും ആർജിക്കുക.
- കുട്ടികളിൽ പരസ്പരാശ്രയത്തിന്റെയും സൗഹൃദത്തിന്റെയും മനോഭാവം വളർത്തുക.
- മൂന്നു ഭാഷകളിലെങ്കിലും മികച്ച ആശയവിനിമയ ശേഷി നേടുക.
- കുട്ടികളിൽ ക്രിയാത്മകതയും യുക്തി ബോധവും വിമർശനാത്മക ചിന്തയും വികസിപ്പിക്കുക.
- പഠനശേഷികളും പഠന മനോഭാവങ്ങളും വളർത്തുക.
- മതേതര ജനാധിപത്യ ബോധമുള്ള പൗരന്മാരായി വളർത്തുക.
- നമ്മുടെ സംസ്കാരത്തിന് യോജിച്ച മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുക.
- ശാസ്ത്ര ചിന്ത വളർത്തുക.
- ഐടി അധിഷ്ഠിത പഠനത്തിലൂടെ പഠനം രസകരവും ലളിതവും ആക്കുക.
- എല്ലാ അധ്യാപകരെയും ഐടി അധിഷ്ഠിത ബോധത്തിന് പ്രാപ്തമാക്കുക.

## കാഴ്ചപ്പാട്

- സ്കൂൾ പഠനം പൂർത്തിയാക്കുന്ന എല്ലാ കുട്ടികൾക്കും വിവിധ ഭാഷകളിൽ ആശയവിനിമയം നടത്താനുള്ള കഴിവ്.
- വിവിധ ഭാഷകളിൽ കുട്ടിക്കവികളെയും ശാസ്ത്രജ്ഞന്മാരെയും പ്രസംഗകരേയും പ്രാപ്തമാക്കൽ.
- സ്കൂൾ പഠനം പൂർത്തിയാക്കുന്ന എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഹിന്ദി എന്നീ ഭാഷകളിൽ യഥേഷ്ടം ആശയവിനിമയം നടത്താൻ കഴിയണം.
- വ്യത്യസ്ത ഭാഷകൾ എഴുതാനും വായിക്കാനും ഉള്ള കഴിവ് നേടണം.
- അഞ്ചുവർഷത്തിനുള്ളിൽ ഓരോ കുട്ടിക്കും അഭിരുചിക്ക് അനുസരിച്ച് സർഗാത്മക പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനും ആവിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വികസിപ്പിക്കുക.
- തൊഴിൽ മേഖലകൾ തിരഞ്ഞെടുക്കാനും ജീവിതം കരുപിടിപ്പിക്കുവാനും കുട്ടികൾ പ്രാപ്തമാകണം.
- കലാകായിക പ്രവർത്തി പഠനത്തിൽ വൈഭവമുള്ള കുട്ടികളെ ആ വഴിക്ക് തിരിച്ചു വിടാനും അതുവഴി ജീവിതമാർഗം കണ്ടെത്താനും പ്രാപ്തമാക്കൽ.
- ഒന്നാം ക്ലാസ് മുതൽ ഹിന്ദി പഠനം തുടങ്ങിയാൽ ഹിന്ദി ഭാഷയിൽ കുട്ടികൾക്ക് കുറച്ചുകൂടി വികസനം പ്രതീക്ഷിക്കാം.

## പദ്ധതി–ആമുഖം

കേരളത്തിലെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുകയാണല്ലോ. ഏറ്റവും മികച്ച വിദ്യാഭ്യാസം നമ്മുടെ കുട്ടികൾക്കെല്ലാം ഉറപ്പുവരുക്കുകയാണ് ഇതിന്റെ ലക്ഷ്യം. മതനിരപേക്ഷതയിലൂടെയും ജനാധിപത്യ മൂല്യബോധത്തിലൂടെയും നമ്മുടെ കുട്ടികളെ വളർത്തിയെടുക്കാൻ ഒരുക്കുന്ന പഠനാന്തരീക്ഷം നാം ഉറപ്പുവരുത്തണം. ആത്മവിശ്വാസത്തോടെ നേടിയ അറിവിനെ ജീവിതവുമായി ബന്ധിപ്പിക്കുവാനും ഭാവിജീവിതത്തിൽ അത് പ്രയോജനപ്പെടുത്തുവാനും ഒരുങ്ങുന്ന തരത്തിൽ കുട്ടികൾക്കുമുള്ള കഴിവും ശേഷിയും വികസിപ്പിക്കുക എന്നത് പ്രധാനപ്പെട്ട കാര്യം തന്നെയാണ്. പൊതു സമൂഹത്തിന്റെയും രക്ഷാകർത്യ കൂട്ടായ്മയുടെയും സക്രിയമായ ഇടപെടൽ പൊതു വിദ്യാലയങ്ങളുടെ എല്ലാ പ്രവർത്തനങ്ങളിലും ഉണ്ടാകേണ്ടതുണ്ട്. അക്കാദമിക മികവോടെയുള്ള വിദ്യാലയങ്ങളെ സൃഷ്ടിച്ചെടുക്കാൻ ചിട്ടമായ ആസൂത്രണം അനിവാര്യമാണ് ഇതിലേക്ക് നയിക്കുന്ന സൂക്ഷ്മതല ആസൂത്രണമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഞങ്ങളുടെ വിദ്യാലയത്തിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് കണ്ടെത്തിയ പ്രവർത്തനങ്ങളാണ് ഇതിൽ ചേർത്തിട്ടുള്ളത്. ഇത് നടപ്പിലാക്കാൻ ഒറ്റക്കെട്ടായി പ്രവർത്തിക്കും.

## പൊതു ലക്ഷ്യങ്ങൾ

- വിദ്യാഭ്യാസരംഗത്തെ രണ്ടാമത്തെ തലമുറ പ്രശ്നമായ തുല്യത ഗുണത എന്നിവ ഉറപ്പാക്കൽ.
- ഇവയെ അഭിമുഖീകരിക്കാൻ കഴിയും വിധം സ്കൂൾ പഠനാന്തരീക്ഷത്തെയും പഠനപരിസരത്തെയും മാറ്റിയെടുക്കൽ.
- രക്ഷിതാക്കളിൽ ഗുണമേന്മ വിദ്യാഭ്യാസത്തെ കുറിച്ചുള്ള കഷ്ടപ്പാട് സൃഷ്ടിക്കൽ.
- നാട്ടിൽ ലഭ്യമായ വൈദഗ്ധ്യത്തെ കുട്ടിയുടെ ഗുണമേന്മ വിദ്യാഭ്യാസത്തിന് മുതൽക്കൂട്ടാക്കൽ.
- സ്കൂൾ വിദ്യാഭ്യാസത്തിൽ ഇടപെടുന്ന എല്ലാ സംവിധാനങ്ങളെയും ഏകോപിപ്പിക്കൽ.
- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- ഓരോ ഘട്ടം പൂർത്തിയാകുമ്പോഴും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷാകർത്തക്കളടക്കമുള്ള സംഭവത്തെ അറിയിക്കും.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.

- എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഹിന്ദി ഭാഷകൾ സംസാരിക്കുവാനും വായിക്കുവാനും എഴുതുവാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
- സ്കൂൾ പഠനം പൂർത്തിയാക്കുമ്പോഴേക്കും മുഴുവൻ കുട്ടികളും ഫലപ്രദമായ ആശയവിനിമയത്തിനുതകുന്ന വിധം ഭാഷയിലെ വിവിധ സങ്കേതങ്ങൾ ഉപയോഗിക്കുന്നതിന് പ്രാപ്തരാക്കും.
- അഞ്ചുവർഷത്തിനുള്ളിൽ ഓരോ കുട്ടിയും അഭിരുചിക്കനുസരിച്ച് സർഗാത്മക പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനും വിവിധ രീതിയിൽ ആവിഷ്കരിക്കുന്നതിനും ഉള്ള കഴിവ് വികസിപ്പിക്കും.

# കലാപഠനം

| Sl. No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | കുട്ടികളുടെ കലാബോധം ഉയർത്തുക. | കുട്ടിയെ പ്രകൃതിയെ നീരിക്ഷിക്കുക – വരക്കുക | | | |
| 2 | കലാ ആസ്വാദന നിലവാരം ഉയർത്തുക. | ജ്യാമിതീയ ്രൂപങ്ങൾ ഉപയോഗിച്ച് ചിത്രരചനാ നടത്തുക | | | |
| 3 | പഠന പ്രവർത്തനങ്ങൾ സുഖകരം ആക്കുന്നതിന് കലാപഠനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക. | പ്രാഥമിക, ദ്വിതീയ വർണ്ണങ്ങളിൽ തുടങ്ങി ഘട്ടം ഘട്ടമായി നിറങ്ങളുടെ പഠനം | | | |
| 4 | കുട്ടികളുടെ ക്രിയാത്മക ബോധവും ചിന്താ നിലവാരവും ഉയർത്തുക. | വീക്ഷണങ്ങൾ , അനാട്ടമി അളവുകൾ എന്നിവയിലൂടെയുള്ള പഠനം | | | |
| 5 | നല്ലൊരു സമൂഹത്തെ വാർത്തെടുക്കൽ. | ലോക ചരിത്രം , പ്രമുഖ ചിത്രകാരന്മാർ , ചിത്രകല പ്രസ്ഥാനങ്ങൾ എന്നിവയിലൂടെയുള്ള അറിവുകൾ നൽകുക | | | |
| 6 | കലാ പഠനത്തിലൂടെ വ്യക്തിത്വരൂപീകരണം | കുട്ടികളുടെ ചിത്രങ്ങളുടെ പ്രദർശനങ്ങളും സ്വയം പരിശോധനാ പഠനവും വിലയിരുത്തുക | | | |

# കലാപഠന ലക്ഷ്യങ്ങൾ

- കുട്ടികളുടെ കലാബോധം ഉയർത്തുക.
- കലാആസ്വാദന നിലവാരം ഉയർത്തുക.
- നിരീക്ഷണ പാടവം മെച്ചപ്പെടുത്തുക.
- പഠനപ്രവർത്തനങ്ങൾ സുഖകരം ആക്കുന്നതിന് കലാപഠനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
- കലാപഠനത്തിലൂടെ വ്യക്തിത്വരൂപീകരണം.
- കുട്ടികളുടെ ക്രിയാത്മക ബോധവും ചിന്താ നിലവാരവും ഉയർത്തുക.
- കുട്ടികളിൽ ആത്മവിശ്വാസവും വെല്ലുവിളികൾ നേരിടാനുള്ള കഴിവും വളർത്തുക.
- നല്ലൊരു സമൂഹത്തെ വാർത്തെടുക്കൽ.

# ആരോഗ്യ കായിക വിദ്യാഭ്യാസം

| Sl. No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നതിന് കുട്ടികൾക്ക് പ്രത്യേകം പരിഗണന നൽകുക. | ഫുട്ബോൾ, ബാസ്കറ്റ്ബോൾ തുടങ്ങിയ പരിശീലനം നൽകുന്നു മത്സര ഇനങ്ങളിൽ പങ്കെടുപ്പിക്കുന്നു. | | | |
| | ആരോഗ്യമുള്ള യുവതലമുറയെ വാർത്തെടുക്കുക | കായിക ഉപകരണം ഉപയോഗിച്ചുള്ള പരിശീലനം നൽകൽ.<br>അംഗീകൃതമായ ബാഡ്മിന്റൺ കോർട്ട് നിർമ്മിക്കും. | | | |
| | ആത്മവിശ്വാസം വളർത്തുക വ്യായാമം പ്രോത്സാപിക്കുക. | കായിക വർദ്ധിപ്പിക്കുന്നതിനായി കുട്ടികളെ എയറോബിക്സ് പരിശീലിപ്പിക്കുന്നു. | | | |
| | സ്കൂളിലെ മുഴുവൻ കുട്ടികളുടെയും കായിക ക്ഷമത വർദ്ധിപ്പിക്കുക. | സ്പോർട്സ് ക്ലബ് രൂപീകരിക്കുക.<br>കായിക ഉപകരണങ്ങൾ പരമാവധി ലഭ്യമാക്കൽ | | | |

# മലയാളം – ലക്ഷ്യങ്ങൾ

1. മലയാള ഭാഷാ പഠനശേഷി വികസിപ്പിക്കുക.
2. മലയാളഭാഷ ശേഷികൾ സവിശേഷ വൈഭവങ്ങൾ ഉള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.
3. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ മലയാള ഭാഷ പഠനം നേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കുക.
4. മലയാള ഭാഷാ പഠനത്തിലെ അടിസ്ഥാന ആശയങ്ങളും ശേഷികളും പരിമിതികളുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക.
5. ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും മലയാളഭാഷാ സംസാരിക്കുവാനും കേട്ട് മനസ്സിലാക്കാനും ഉള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
6. മാതൃഭാഷ എന്ന നിലയിലും സംസ്കാരത്തിന്റെ വിനിമയോപാധി എന്ന നിലയിലും മലയാള സാഹിത്യ പഠനത്തിൽ താൽപര്യം വളർത്തുക. അതോടൊപ്പം ഭാഷ കഴിവ് നേടുക.
7. മികച്ച വായന ശീലം മലയാള ഭാഷയിൽ വികസിപ്പിക്കുക.
8. കുട്ടികളുടെ കയ്യെഴുത്ത് മാസികകളെ ആദ്യകാല വായന സാമഗ്രി ആക്കുക.
9. കുട്ടികളെ മികച്ച എഴുത്തുകാരാക്കി മാറ്റുക.
10. തെറ്റില്ലാതെ ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള പ്രാപ്തി നേടുക.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|
| • മലയാളഭാഷ പഠനശേഷി വികസിപ്പിക്കുക. | • വായന,കേട്ടെഴുത്ത് ആസ്വാദനക്കുറിപ്പ് ജീവചരിത്രക്കുറിപ്പ് കഥാവായന. |
| • മലയാള ഭാഷാശേഷികൾ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക. | • കാവ്യകേളി അക്ഷരങ്ങൾ ക്രമം തെറ്റി കൊടുത്തുകൊണ്ട് അർത്ഥപൂർണ്ണമായ വാക്കുകൾ കണ്ടെത്തി എഴുതൽ. |
| • കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ മലയാള ഭാഷാ പഠനം നേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കുക. | • വ്യക്തിഗതരചനക്ക് അവസരം.<br>• സ്വതന്ത്രരചനയ്ക്കും അവതരണത്തിനും അവസരം. |
| • മലയാളഭാഷാ പഠനത്തിലെ പിന്നോക്ക അവസ്ഥ പരിഹരിക്കുക. | • വായിക്കാനും എഴുതുവാനുമുള്ള അവസരം നിരന്തരം കൊടുക്കുക വിജയ് ഭേരി പോലുള്ള പിന്തുണ ക്ലാസുകൾ കൊടുക്കുക. |
| • ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും മലയാളഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനും ഉള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | • പ്രസംഗമത്സരങ്ങൾ, കാവ്യാലാപനം, വാർത്ത വായന എന്നിവയിൽ മത്സരങ്ങൾ സംഘടിപ്പിക്കുക. പഴഞ്ചൊല്ലുകൾ കണ്ടെത്തി വായന. |
| • മാതൃഭാഷ എന്ന നിലയിലും സംസ്കാരത്തിന്റെ വിനിമയോപാധി എന്ന നിലയിലും മലയാള സാഹിത്യ പഠനത്തിൽ താൽപര്യം വളർത്തുക അതോടൊപ്പം ഭാഷ കഴിവ് നേടുക. | • പ്രശസ്ത കവികളുടെ കാവ്യ ശകലങ്ങൾ ശേഖരിക്കുക.<br>• കാവ്യശകലങ്ങൾ കൊടുത്ത് ആരുടെ എന്ന് കണ്ടെത്തുക.<br>• സാഹിത്യകാരന്മാരുടെയും ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കുക. |

| | |
|---|---|
| • മികച്ച വായന ശീലം മലയാളഭാഷയിൽ വികസിപ്പിക്കുക. | • വായന മത്സരം നടത്തുക.<br>• വാർത്താവായന മത്സരം നടത്തുക. |
| • കുട്ടികളുടെ കയ്യെഴുത്ത് മാസികകളെ ആദ്യകാല വായന സാമഗ്രി ആക്കുക. | • ക്ലാസ് മാഗസിൻ സ്കൂൾ മാഗസിൻ എന്നിവയിലേക്ക് കുട്ടികളുടെ സൃഷ്ടികൾ ഉൾപ്പെടുത്തുക. |
| • മികച്ച എഴുത്തുകാരാക്കി മാറ്റുക. | • കുട്ടികൾക്ക് ഉപന്യാസം മത്സരം ആസ്വാദനക്കുറിപ്പ് മത്സരം എന്നിവയും കഥാകവിത എന്നിവ രചനകൾക്ക് അവസരം നൽകുകയും ചെയ്യുക. |
| • തെറ്റില്ലാതെ ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള പ്രാപ്തി നേടുക. | • വായനക്കുറിപ്പ് മത്സരം പുസ്തക പരിചയം. |

# ആരോഗ്യ കായിക വിദ്യാഭ്യാസം

**ലക്ഷ്യങ്ങൾ**

- സ്കൂളിലെ മുഴുവൻ കുട്ടികളുടെയും കായിക ക്ഷമത വർദ്ധിപ്പിക്കുക.
- ജീവിതശൈലി രോഗങ്ങളിൽ നിന്നും മുക്തി.
- കുട്ടികളിൽ ആത്മവിശ്വാസം വളർത്തുക അപകടങ്ങളിൽ നിന്ന് സ്വയം രക്ഷനേടാൻ കുട്ടികളെ പ്രാപ്തരാക്കുക.
- കുട്ടികളുടെ ശാരീരിക ആരോഗ്യം പോലെ മാനസിക ആരോഗ്യവും ഉറപ്പുവരുത്തുക.
- മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കുട്ടികൾക്ക് പ്രത്യേകം പരിഗണന നൽകുക.
- ആത്മവിശ്വാസം വർദ്ധിപ്പിക്കുക, കായിക വ്യായാമം പ്രോത്സാഹിപ്പിക്കുക.

# പ്രവൃത്തിപരിചയ പഠനം

**ലക്ഷ്യങ്ങൾ**

- പഠനത്തോടൊപ്പം വിവിധങ്ങളായ കൈത്തൊഴിലുകളിൽ പരിശീലനം.
- പരിസരമലിനീകരണത്തിന് കാരണമായ പ്ലാസ്റ്റിക് പോലുള്ള വസ്തുക്കളുടെ ശാസ്ത്രീയ പുനരുപയോഗം.
- കുട്ടികളുടെ ചിന്താ ഭാവന എന്നിവ വികസിപ്പിക്കാൻ അവസരം ഒരുക്കൽ.

| പ്രവൃത്തി പരിചയ പഠനം | | | | |
|---|---|---|---|---|
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
| 1 | • സ്കൂൾ ഫീഡിങ് ഏരിയയിൽ വിവിധ പ്രവർത്തി പരിചയ ഇനങ്ങൾ ചെയ്യാൻ കഴിയുന്ന വ്യക്തികളുടെ പട്ടിക തയ്യാറാക്കൽ. | | | |
| 2,3 | • വിദ്യാലയങ്ങളിൽ ഏകദിന പരിശീലനം. | | | |
| 3 | • വിദഗ്ധരായ അധ്യാപകരെ പ്രയോജനപ്പെടുത്തി പരിശീലനം മികവുറ്റതാക്കൽ. | | | |
| | • രക്ഷിതാക്കൾക്ക് താല്പര്യമുള്ള ഇനങ്ങളിൽ പരിശീലനം നൽകൽ. | | | |
| 4,5 | • മികച്ച പരിശീലകരെ ഉൾപ്പെടുത്തി പരിശീലിപ്പിക്കൽ കഴിയുന്ന ഇനങ്ങൾ ആവശ്യമായ സാധനങ്ങൾ പരിശീലനം നൽകാൻ കഴിയുന്ന തീയതികൾ എന്നിവ അടിസ്ഥാനത്തിൽ പരിശീലന പരിപാടി തയ്യാറാക്കുന്നു. | | | |

| അക്കാദമിക  മാസ്റ്റർപ്ലാൻ – സാമൂഹ്യശാസ്ത്രം | | | | |
|---|---|---|---|---|
| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| 1 | സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ  ഇവ പരിശോധിക്കൽ  , നേടിയെടുക്കൽ . | സംസ്ഥാനങ്ങൾ , തലസ്ഥാനങ്ങൾ , ഭൂപ്രകൃതി തുടങ്ങിയവ അടിസ്ഥാനമാക്കി ഐസിടി സാധ്യതകളുപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു . | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 2 | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുന്നു. | ഐസിടി സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു . | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 3 | ജനാധിപത്യമാരായ ജീവിത സമീപനം രൂപപ്പെടുത്തുക . | ജനാധിപത്യരീതിയിലുള്ള സ്കൂള് പാർലമെന്ററി തെരഞ്ഞെടുപ്പ് നടത്തി തെരഞ്ഞെടുപ്പിന്റെ ഘട്ടങ്ങളെ കുറിച്ച് മനസിലാക്കുന്നു . മോക്ക് പാർലമെന്റ് സംഘടിപ്പിക്കുന്നു. | ജൂലൈ | |

| | | | | |
|---|---|---|---|---|
| 4 | പൊതുവിജ്ഞാനം വർദ്ധിപ്പിക്കൽ. | എല്ലാമാസവും പത്രവാർത്തകളെ അടിസ്ഥാനമാക്കി പൊതുവിജ്ഞാപന ക്വിസ് മത്സരം സംഘടിപ്പിക്കുന്നു . | ജൂൺ to ഫെബ്രുവരി | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 5 | വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും റോഡ് സുരക്ഷയെ കുറിച്ചും കുട്ടികളെ ബോധവാന്മാരാക്കുന്നു . | കുട്ടിക്കൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷാ സൈബർ കുറ്റകൃത്യം എന്നി വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു . | ആഗസ്റ്റ് | |
| 6 | സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു . | കാവുകൾ , കണ്ടൽക്കാടുകൾ , തണ്ണീർത്തടങ്ങൾ , ജലാശയങ്ങൾ , കാടുകൾ എന്നിവ സന്ദർശിക്കുന്നു . | സെപ്റ്റംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 7 | സഹജീവികളോട് സംഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിക്കിപ്പിക്കുന്നു . | ദുരിതമനുഭവിക്കുന്നവർക്കായി കുട്ടികൾ സ്വരൂപിച്ച ധനസമാഹാരവും സാധനസാമഗ്രികളും ആശ്വാസഹസ്തമാകുന്നു . | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഉറുദു സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5,6,7 ക്ലാസിൽ അക്ഷര ബോധം ഉറപ്പിക്കൽ | കഥകൾ , പദ്യങ്ങൾ പദങ്ങൾ എന്നിവയിൽ വരുന്ന ഉറുദു അക്ഷരങ്ങൾ മനസിലാക്കി കൊടുത്ത് പഠിപ്പിക്കുന്നു . അക്ഷരമാല ചാർട്ട് കാണിക്കുന്നു . | ജൂൺ മുതൽ ഫെബ്രുവരി വരെ | ഉറുദു അധ്യാപകർ | |
| ഉറുദു 5ൽ ആണ് ആരംഭിക്കുന്നത് . അതിനാൽ ഉറുദു അക്ഷരമാല ഉറപ്പിക്കുന്നതിനുമുള്ള അവസരം ഒരുക്കുന്നു . | | | | |
| ഉറുദു വായന തെറ്റുകൂടാതെ വായിക്കാൻ അവസരം ഒരുക്കുന്നു . | ഉറുദു കാർട്ടൂണുകൾ ചെറിയ കഥാപുസ്തകങ്ങൾ മനസ്സിലാക്കാൻ അവസരം . | ജൂൺ മുതൽ ഫെബ്രുവരി വരെ | ഉറുദു അധ്യാപകർ | |
| ഉറുദു സംസാരിക്കാനുള്ള അവസരം | ഉറുദു ഭാഷ സംസാരിക്കാൻ അവസരം നൽകുന്നരീതിയിൽ ചെറിയ റോൾ പ്ലേകൾ ക്ലാസിൽ നടത്തുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഉറുദു അധ്യാപകർ | |

| മേഖല : അക്കാദമി | ഉപമേഖല :ഹിന്ദി ഭാഷാ ക്ലാസ് തലം | | | | |
|---|---|---|---|---|---|
| | **പ്രവർത്തനങ്ങൾ** | **കാലദൈർഘ്യം** | **ക്ലാസ്സ്** | **ചുമതല** | **ലക്ഷ്യം** |
| 1 | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യവാരം | 5,6,7 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കുവാനും എഴുതുവാനും സംസാരിക്കുവാനും ആശയവിനിമയം നടത്തുവാനുമുള്ള ശേഷി വർദ്ധിപ്പിക്കൽ. CWSN SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കുക |
| 2 | കുട്ടികൾക്ക് പുത്തൻ ഉണർവ്വും നൽകാവുന്ന ഭാഷപോഷിണി പ്രവർത്തനങ്ങൾ പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു. Cwsn, slow learner കുട്ടികളെ വിലയിരുത്തി | ജൂൺ രണ്ടാം വാരം | 5,6,7 | ഹിന്ദി അധ്യാപകർ മറ്റ ഭാഷാ അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തന പാക്കേജ്. | | | | |
| 3 | ഓരോ ക്ലാസിലും ദിവസവും ഹിന്ദി വായിപ്പിക്കുക ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക. ഹിന്ദിയിൽ എണ്ണം ആഴ്ച മാസം എന്നിയുടെ ദൈനംദിന അവതരണം. | പ്രതിദിനം | 5,6,7 | ഹിന്ദി അധ്യാപകർ | |
| 4 | CWSN. SLOW LEARNERS കുട്ടികൾക്കായി പ്രത്യേകം പസിലുകൾ ഐസിടി മുഖാന്തിരം പല കാരണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം. | ആഴ്ചയിൽ ഒരു പ്രാവശ്യം | 5,6,7 | ഹിന്ദി അധ്യാപകർ | |
| 5 | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ ജീവനികൾ ആത്മകഥകൾ കവിതകൾ കഥകൾ എന്നിവ വായിപ്പിക്കുക. | ആഴ്ചയിൽ ഒരു പ്രാവശ്യം | 5,6,7 | ഹിന്ദി അധ്യാപകർ | |
| 6 | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക ഹിന്ദി അസംബ്ലി നടത്തുക. | ദിനാചരണവുമായി ബന്ധപ്പെട്ട് | 5,6,7 | ഹിന്ദി അധ്യാപകർ | |
| 7 | കുട്ടികളെ കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ജനുവരി | 5,6,7 | ഹിന്ദി അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 8 | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിദിനം | 5,6,7 | ഹിന്ദി അധ്യാപകർ | |
| 9 | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം.<br>• ഹിന്ദി ഡോക്യുമെന്ററി സിനിമ കാണാനുള്ള അവസരം<br>• വാർത്തകൾ കാണാനുള്ള അവസരം. | 6 മാസം | 5,6,7 | ഹിന്ദി അധ്യാപകർ ക്ലാസ് അധ്യാപകർ മറ്റു അധ്യാപകർ | |
| 10 | കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തിക്കൊണ്ട് എഐ ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പത്തിൽ ആക്കാനും ഉള്ള പ്രവർത്തന പാക്കേജുകൾ. | 6 മാസം | 5,6,7 | ഹിന്ദി അധ്യാപകർ ക്ലാസ് അധ്യാപകർ മറ്റു അധ്യാപകർ | |

| അക്കാദമിക മാസ്റ്റർ പ്ലാൻ അറബിക് | | | | |
|---|---|---|---|---|
| **മേഖല: അക്കാദമി** | | **വിഷയം: അറബിക്** | | |
| **പ്രശ്നം: പദസമ്പത്തിന്റെ കുറവ്** | | **ലക്ഷ്യം: ഭാഷാശേഷി വർദ്ധിപ്പിക്കുക** | | |
| **പ്രവർത്തനം** | **ഉപ പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| പുതിയ പദം പരിചയപ്പെടൽ | ആഴ്ചയിൽ ഒരിക്കൽ പുതിയ പദങ്ങൾ എഴുതി പ്രദർശിപ്പിക്കൽ | ജൂൺ to മാർച്ച് | അറബിക് ടീച്ചേഴ്സ് | BRC<br>PTA<br>Teachers |
| | ദൈനംദിന കാര്യങ്ങൾ ഉപയോഗിക്കുന്ന വാക്കുകളുടെ പരിശീലനം | | | |
| വായനയിൽ മികച്ചവർ ആകുക | അക്ഷരങ്ങൾ കൊടുത്തുകൊണ്ട് വാക്കുകൾ ഉണ്ടാക്കുക | | | |
| | പദപ്രശ്ന മത്സരം ഉണ്ടാക്കുക | | | |
| | നിഘണ്ടു നിർമ്മാണം | | | |
| എഴുത്തിനുള്ള ശേഷി നേടൽ | പദകേളി മത്സരം | | | |
| | പുസ്തക വായന വർദ്ധിപ്പിക്കുക | | | |
| | പദപയറ്റ് മത്സരം സംഘടിപ്പിക്കുക | | | |

| ലക്ഷ്യം വായിക്കുമ്പോൾ ആശയം ഗ്രഹിക്കാൻ. | | | | |
|---|---|---|---|---|
| **മേഖല: അക്കാദമികം** | | **ലക്ഷ്യം വായിക്കുമ്പോൾ ആശയം ഗ്രഹിക്കാനുള്ള ശേഷി** | | |
| **പ്രവർത്തനം** | **ഉപപ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| വായനയുടെ പ്രാധാന്യം കുട്ടിയെ ബോധ്യപ്പെടുത്തുക. | എളുപ്പത്തിൽ ആശയം മനസ്സിലാക്കുന്ന തരത്തിലുള്ള പുസ്തകം നൽകൽ. | Ist term | അധ്യാപകർ | 1000 രൂപ |
| | ക്ലാസ് റൂം വായനയെ പ്രോത്സാഹിപ്പിക്കുക | ജൂൺ – ആഗസ്റ്റ് | ടാലന്റ് കുട്ടികൾ | |
| ICT ഉപയോഗിച്ച് ചെറിയ കുറിപ്പുകൾ നൽകുക | ചാർട്ടുകൾ പ്രദർശിപ്പിക്കുക | | | 500 രൂപ |
| | ചിത്രങ്ങൾ പ്രദർശിപ്പിച്ചു വായനയെ പ്രോത്സാഹിപ്പിക്കുക | | | |
| | ചെറിയ കഥകൾ കേൾപ്പിച്ച് വായനക്ക് പ്രേരിപ്പിക്കുക | | | |
| | വായന കാർഡ് നൽകുക | | | |
| അക്ഷരമാല ക്രമം പരിചയപ്പെടുത്തൽ | അക്ഷരം കൊണ്ടുള്ള വാക്കുകളും അതിന്റെ അർത്ഥവും കണ്ടെത്തുക | June to July | S.R.G അധ്യാപകർ | 200 |
| പദങ്ങളുടെ മൂലരൂപം പരിചയപ്പെടുത്തുന്നു | പദങ്ങളുടെ മൂലരൂപങ്ങൾ പരിചയപ്പെടുത്തുന്നു | Aug to sep | S.R.G അധ്യാപകർ | 200 |

| | | | | |
|---|---|---|---|---|
| പ്രയോഗിക പരിശീലനം നൽകുക | വാക്കുകൾ കൊടുത്ത് നിഘണ്ടുവിൽ തിരയാൻ ആവശ്യപ്പെടുക | Oct to Dec | S.R.G അധ്യാപകർ | 100 |
| വിവിധ തരം നിഘണ്ടുകൾ പരിചയപ്പെടുത്തുക | ഗ്രൂപ്പ് തല നിഘണ്ടു നിർമ്മാണം | Jan, Feb | P.T.A അധ്യാപകർ | |
| Digital നിഘണ്ടു പരിചയപ്പെടുത്തുക | വ്യക്തികത നിഘണ്ടു നിർമ്മാണം | March | S.R.G അധ്യാപകർ | 200 100 |

| ഗണിതം | | | | | |
|---|---|---|---|---|---|
| | **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1 | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു. | ഗണിത ശിൽപശാല കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു .(മഞ്ചാടി , നമ്പർകാർഡ് , മുത്തുകൾ ഫ്ളാഷ് കാർഡ് .....) | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 2 | ഗണിതപഠനം രസകരമാക്കൽ | ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ . വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു ., | വർഷത്തിൽ ഒരു പ്രാവശ്യം | | ഗണിത ക്ലബ്ബ് , പി ടി എ |
| 3 | ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിൽ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കി ലാബിൽവെച്ച് ക്ലാസ് എടുക്കൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | പിടിഎ |
| 4 | ഗണിതപഠനം രസകരമാക്കൽ | ഗണിതാശങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ | വർഷത്തിൽ രണ്ടു തവണ | ഗണിത അധ്യാപകർ, | പിടിഎ |

| | | | | | |
|---|---|---|---|---|---|
| | | ശില്പശാല (നമ്പർ ചാർട്ട് , ജ്യോമെടിക്കൽ ചാർട്ട് , ടാൻ ഗ്രാം , ജ്യാമതീയ രൂപങ്ങൾ .) | | ക്ലബ് അംഗങ്ങൾ | |
| 5 | ഗണിതപഠനം അന്വേഷണാത്മകമാക്കൽ | ഗണിത ശാസ്ത്രജ്ഞന്മാരുടെ വിവര ശേഖരണം | ഡിസംബർ ജനുവരി | ഗണിത അധ്യാപകർ | |
| 6 | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്നവരെ മുൻ നിരയിലെത്തിക്കുന്നു | ഗണിത ക്ലിനിക്ക് പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അധ്യാപകരും മിടുക്കരായ കുട്ടികളും പോരായ്മകൾ കണ്ടെത്തി ആവശ്യമായ പിന്തുണകൾ നൽകുന്നു . | ആഗസ്റ്റ് ഫെബ്രുവരി 9:30 am –10:20 am | ഗണിത അധ്യാപകർ , കുട്ടികൾ | |
| 7 | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു . | ഐ ടി സാധ്യതകളിലൂടെ ജ്യാമീതിയ രൂപങ്ങൾ , ചതുഷ് ക്രിയകൾ,ടാൻഗ്രാം ഇതു പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗിച്ച് കുട്ടികളിലേക്ക് എത്തിക്കാൻ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | പിടിഎ |
| 8 | വിവിധ ശേഷികളുടെ വികസനം | ദിനാചരണം ജൂൺ – മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ SRG –യിൽ രൂപപ്പെടുത്തുന്നു . നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | SRG | |

| Sl No | Objectives | Activities | Duration | Materials | Charge/ Support |
|---|---|---|---|---|---|
| 1 | ഇംഗ്ലീഷ് ഭാഷ കേൾക്കാനുള്ള അവസരം നൽകുന്നു.<br>പദസമ്പത്ത് വർദ്ധിപ്പിക്കുന്നു.<br>ശരിയായി ഇംഗ്ലീഷ് സംസാരിക്കാനുള്ള അവസരം ഒരുക്കുന്നു | Lend your ear – ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു.<br><br>ചെറിയ കഥകൾ ക്ലാസ്സിൽ അവതരിപ്പിക്കുന്നു കഥയിലെ പദങ്ങൾ കുട്ടികളെ കൊണ്ട് പറയിപ്പിക്കുന്നു ഇതിലൂടെ കുട്ടികളുടെ പിന്നോക്ക അവസ്ഥ മനസ്സിലാക്കുന്നു.<br><br>സ്റ്റോറി വീണ്ടും വീണ്ടും പറയിപ്പിക്കുന്നു പദങ്ങൾ എഴുതുന്നു പറയുന്നു നിഘണ്ടു തയ്യാറാക്കാൻ അവസരം നൽകുന്നു. ഇംഗ്ലീഷ് റേഡിയോ വാർത്തകൾ ക്രോഡ് ചെയ്ത് കേൾപ്പിക്കുന്നു<br><br>ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു.<br><br>അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. ശേഷം | June<br><br>June<br><br>July<br><br>August | Question papers<br><br>Story book<br><br>ICT Rhyme Book | Trs<br><br>Trs<br><br>Trs |

| | | | | | |
|---|---|---|---|---|---|
| | | അധ്യാപികയുടെ സംഭാഷണം നീക്കംചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. | January | News report | Trs<br><br>Teacher |
| 2 | CWSN<br>ഇംഗ്ലീഷിനോടുള്ള ഭയം മാറ്റുന്നു പദസമ്പത്ത് റീഡിങ് ബാവാത്മക വായന പരിശീലിപ്പിക്കുന്നു. | വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു തെറ്റ് കൂടാതെ വായിക്കാൻ അവസരം നൽകുന്നു (ലളിതമായവയിൽ നിന്ന് സങ്കീർണ്ണം ആയതിലേക്ക്).<br>വ്യത്യസ്തമായ കഥകൾ റീഡേഴ്സ് തിയേറ്റർ റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br><br>'news reading' കേൾപ്പിക്കുന്നു. Style of competition, 'word today' vocabulary enriching.<br><br>English ദിനപത്രം വായിക്കുവാൻ അവസരം നൽകി reader of the month നെ ആദരിക്കുന്നു. | September<br><br>Once in a year<br><br>മാസംതോറും | | Teachers<br><br>Teachers |

| | | | | | |
|---|---|---|---|---|---|
| 3 | വ്യത്യസ്ത ആക്ടിവിറ്റീസ് പരിചയപ്പെടുന്നു<br><br>തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | English assembly prayer, pledge news reading, self-introduction etc.<br><br>കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ തയ്യാറാക്കുന്നു.<br><br>കടങ്കഥകൾ കുസൃതി ചോദ്യങ്ങൾ ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു.<br><br>സൂചന ബോർഡുകൾ പോസ്റ്ററുകൾ നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലും ആയി പ്രദർശിപ്പിക്കുന്നു.<br><br>ക്ലാസിലെ ഗ്രൂപ്പുകൾ ആക്കുന്നു. ചാർട്ടിൽ എഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക്<br><br>തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു.<br><br>കടങ്കഥകൾ കുസൃതി ചോദ്യങ്ങൾ ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | **വർഷാവസാനം**<br><br>**ഇംഗ്ലീഷ് പീരീഡ്**<br><br>**ദിനാചരണങ്ങൾ**<br><br>February | Newspaper<br><br>Story books<br><br>Books | Teachers<br><br>Teachers |

| | | | | | |
|---|---|---|---|---|---|
| | | | January | ICT Rhyme Book | |
| 4 | Presenting language skills enjoy languages. | English test. Poems. Story, skit etc. Languages games puzzles monthly. English assembly, prayer pledge self introduction etc. | June to march<br><br>June to march | News report | Teachers<br><br>H/M Teacher |
| | ഇംഗ്ലീഷ് എങ്ങനെ സംസാരിക്കാം. | Spoken English Class. | February | | |
| | Writing skill | ക്ലാസിൽ ഒരു പത്രം, കഥ, കവിത വാർത്തകൾ ലേഖനങ്ങൾ ഉൾപ്പെടുത്തിയ ചുമർ പത്രിക. | January | TB News | |
| | Presentation languages | Speech competition വിഷയം നൽകുന്നു കുട്ടികൾ ക്ലാസിൽ അവതരിപ്പിക്കുന്നു. | January February | | Trs |
| | Writing skill | Best in English സമ്മാനദാനം ക്ലാസിൽ മികച്ച പ്രകടനം കാഴ്ചവച്ച കുട്ടികൾക്ക് സമ്മാനദാനം. | June to march | | Trs |

| അടിസ്ഥാന ശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| 1.ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടിൽ നിന്നും ശാസ്ത്രത്തിനെ തിരിച്ചറിയൽ. | പ്രകൃതിയെ അറിയാൻ ഒരു യാത്ര. കുളം, കാട് വയൽ നിരീക്ഷണം,വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ. | June | ശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ്ബ് പരിസ്ഥിതി ക്ലബ്ബ് | |
| 2.പോഷക സംമ്പുഷ്ടമായ ഉച്ചഭക്ഷണം. | ആഴ്ചയിൽ രണ്ടുദിവസം വ്യത്യസ്ത മെനു ഉപയോഗിച്ച് പോഷകസമ്പുഷ്ടമായ ഉച്ചഭക്ഷണം നൽകുന്നു | June–March | ഉച്ചഭക്ഷണ കമ്മിറ്റി | |
| 3.കുട്ടികളിൽ ആരോഗ്യ ശുചിത്വബോധം ഉണ്ടാക്കൽ. | പകർച്ചവ്യാധികളെക്കുറിച്ചും ശുചിത്വ ശീലങ്ങളെക്കുറിച്ചും ഡോക്ടറുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ് നൽകുന്നു. | June | ശാസ്ത്ര അധ്യാപകർ | |
| 4. ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക. | നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിൽ | June–March<br>June– March | ശാസ്ത്ര അധ്യാപകർ,സയൻസ് ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| 5.പാരിസ്ഥിതിക പ്രവർത്തന ങ്ങളിൽകുട്ടികളെ പങ്കാളികളാ ക്കൽ.<br><br>6.ശാസന പ്രക്രിയ ശേഷി വികസിപ്പിക്കുക.<br><br>7.പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം. | ഏർപ്പെടൽ. പരീക്ഷണ കിറ്റുകൾ നിർമ്മിക്കൽ. പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട വൃക്ഷത്തൈ നടിൽ സംരക്ഷണം,അടുക്കളത്തോട്ട നവീകരണം, ഉദ്യാന നവീകരണം.<br><br>എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കി ക്കൊണ്ട് സ്കൂൾ ശാസ്ത്രമേള സംഘടിപ്പിക്കുന്നു<br><br>പ്ലാസ്റ്റിക് ഉപയോഗം നിരു ത്സാഹപ്പെടുത്തൽ | വർഷത്തിൽ ഒന്ന്<br><br>June to March | സയൻസ് ക്ലബ്<br><br>ശാസ്ത്ര ക്ലബ്ബ്<br><br>സയൻസ് ക്ലബ്ബ് | |